# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4084</u> 03.02.2014–ലെ മറുപടിക്ക്

## <u>തൃശൂർ – മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ കാൻസർ വാർഡിന്റെ സൗകര്യം വിപുലപ്പെടുത്തൽ</u>

| <u>ചോദ്യം</u><br>ശ്രീ. ബാബു എം. പാലിശ്ശേരി : | <u>ഉത്തരം</u><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഓരോ വർഷവും തൃശ്ശൂർ-മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ ശരാശരി എത്രപേർ കാൻസർ വിഭാഗത്തിൽ ചികിൽസതേടി എത്തുന്നുണ്ട് ; | (എ) ശരാശരി 3300 പേർ ചികിൽസ തേടി തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്തുന്നുണ്ട. |
| (ബി) ചികിൽസ തേടിയെത്തുന്ന രോഗികൾക്കായി കാൻസർ വാർഡിൽ എത്ര കട്ടിൽ നിലവിലുണ്ട് ; | (ബി) കാൻസർ വിഭാഗത്തിന്റെ 2 യൂണിറ്റുകളിലായി 36 ബെഡ്ഡുകൾ നിലവിലുണ്ട്. |
| (സി) രോഗികൾക്ക് ആനുപാതികമായി കാൻസർ വാർഡിൽ കട്ടിലും മറ്റ് സൗകര്യങ്ങളും ഇല്ല എന്നതു കണക്കിലെടുത്ത് പ്രസ്തുത വാർഡ് വിപുലപ്പെടുത്തി കട്ടിലടക്കം കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (സി) കാൻസർ ചികിൽസയുമായി ബന്ധപ്പെട്ട വിഭാഗങ്ങളെ സംയോജിപ്പിച്ച് മിനി ആർ.സി.സി. തലത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് പൂർത്തിയാകുന്ന മുറക്ക് കാൻസർ വാർഡിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ